**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി**
ഡി.പി.ആർ.സി ബിൽഡിംഗ്, കുയിലിമല,
പൈനാവ് പി. ഒ. - 685603, ഫോൺ: 04862 295011,
ഇ-മെയിൽ: jdlsgdidk@gmail.com

കേരള സർക്കാർ

നമ്പർ: LSGD/JD/IDK/4901/2025-F2 തിയതി: 09-10-2025

# സിറ്റിസൺ അദാലത്ത്

**ഉപജില്ലാ സമിതി - ഐ വി ഒ III , തദ്ദേശസ്വയംഭരണ വകുപ്പ്,ഇടുക്കി**

**ഡോക്കറ്റ് നമ്പർ - BPIDK30604000023 - ജോസഫ് എം കെ**

## പരാതി സംഗതി

ഇടുക്കി ജില്ല മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റോടുകൂടി പണിത കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ ജോസഫ് എം കെ , മേക്കല്ലയിൽ , ഉപ്പുതോട് പി ഒ എന്നയാളുടെ പരാതി

## സെക്രട്ടറിയുടെ റിപ്പോർട്ട്

മരിയാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും A4/3246/14(68/14) dtd 24.11.24 നമ്പരായി അനുവദിച്ച പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീ ജോസഫ് എം കെ പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പറിനു വേണ്ടി അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷയിൽ സൈറ്റ് പരിശോധന നടത്തിയപ്പോൾ ടി കെട്ടിടത്തിന്റെ മുൻവശത്തു കൂടി കടന്നു പോകുന്ന ഉപ്പുതോട്-പ്രകാശ് PWD റോഡിന്റെ വീതി കൂട്ടൽ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡും ടി കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടും തമ്മിലുള്ള അതിര് മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ ടി അതിർത്തി നിശ്ചയിച്ച് നൽകുന്നതിന് ഉപ്പുതോട് വില്ലേജ് ഓഫീസർക്ക് പഞ്ചായത്തിൽ നിന്ന് 24.08.2023 ൽ കത്ത് നൽകിയെങ്കിലും ആയതിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ആയത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാക്കുന്നതിന് 04.12.2023 അപേക്ഷകനായ ശ്രീ ജോസഫിനെയും അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.എന്നാൽ വില്ലേജിൽ നിന്നോ ശ്രീ ജോസഫ് മുഖേനയോ ടി രേഖ നാളിതു വരെ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ നിന്നും KPR Act 220B യുടെ ലംഘനവും നടന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## അദാലത്ത് തീരുമാനം

സിറ്റിസൺ അദാലത്ത് IVO3 LSGD, Idukki യുടെ കൺവീനർ ഇന്റേണൽ വിജലൻസ് ഓഫീസർ 3, സമിതി അംഗങ്ങളായ അസി. എക്സി. എഞ്ചിനീയർ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്, അസിസ്റ്റന്റ് ടൌൺ പ്ലാനർ , ഇടുക്കി എന്നിവരുടെ നേതൃത്വത്തിൽ മരിയാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി & അസി. എഞ്ചിനീയർ, അപേക്ഷകനായ ശ്രീ ജോസഫ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. ശ്രീ ജോസഫ് A4/3246/14(68/14) dtd 24.11.24 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ പണി തീർത്തിട്ടുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ മുന്നിലൂടെയുള്ള ഉപ്പുതോട് – പ്രകാശ് PWD റോഡിൽ ടി കെട്ടിട നിർമ്മാണം നടക്കുന്നതിനിടയിൽ നവീകരണം നടത്തിയിട്ടുണ്ട്. ടി കെട്ടിടം നിലനിൽക്കുന്ന പ്ലോട്ടിലെ മുൻ ഭാഗത്തെ മണ്ണ് റോഡ് ലെവലിൽ താഴ്ത്തി യിട്ടുള്ളതായി കണ്ടു. ഇതോടൊപ്പം പ്ലോട്ട് അളവ് പരിശോധിച്ചതിൽ നിന്നും പെർമിറ്റ് നൽകുന്ന സമയത്ത് മാർക്ക് ചെയ്തിരുന്ന സ്ഥലത്ത് നിന്നും മുൻഭാഗത്ത് PWD റോഡിന്റെ ഭാഗത്തേക്ക് വലിച്ചാണ് ഇപ്പോൾ കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ളത് എന്ന് കണ്ടു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട PWD അസി.

എഞ്ചിനീയറെ ഫോണിൽ കേട്ടതിൽ ടി റോഡിന്റെ അതിര് PWDയ്ക്ക് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റോഡിന് 8 മീറ്റർ വീതിയുള്ളതാണെന്നും ഫോണിൽ അറിയിച്ചു. ടി സാഹചര്യത്തിൽ അപേക്ഷകൻ പെർമിറ്റിൽ നിന്ന് വ്യതിയാനം വരുത്തിയാണ് നിലവിലുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് പ്രഥമ പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാലും മുന്നിലൂടെയുള്ള ഉപ്പുതോട്-പ്രകാശ് റോഡിന്റെ അതിര് നിർണ്ണയിക്കാൻ കഴിയാത്തതിനാലും അപേക്ഷകനായ ശ്രീ ജോസഫിന്റെ പ്ലോട്ടിന്റെ സർവ്വെ സ്കെച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി , താലൂക്ക് സർവ്വെയറിൽ നിന്നും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് അദാലത്ത് സമിതി നിർദേശം നൽകുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന സർവ്വെ സ്കെച്ച് പരിശോധിച്ച് അദാലത്ത് സമിതി ടി അപേക്ഷയിൽ അന്തിമ തീരുമാനം എടുക്കുന്നതാണെന്ന വിവരം അപേക്ഷകനെ അറിയിച്ചു കൊണ്ട് ഫയൽ തീർപ്പാക്കുന്നു.

Abdul Samad P M
INTERNAL VIGILANCE OFFICER
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി

Signed by
P M Abdul Samad
Date: 09-10-2025 14:53:59